ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2024** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. 78-ാം സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു നാളെ രാജ്യത്തെ അഭിസംബോധന ചെയ്യും.

   President Draupadi Murmu will address the nation tomorrow on the occasion of the 78th Independence Day.

2. തിരംഗ യാത്ര ദേശസ്നേഹത്തിന്റെ പ്രതീകമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   Union Home Minister Amit Shah said the tricolor journey is a symbol of patriotism.

3. നൂതന ആശയങ്ങൾ, ശാസ്ത്രീയ ചിന്ത, വേഗത്തിലുള്ള പരിഹാരം തുടങ്ങിയവയിലൂടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ സാധിക്കുമെന്ന് കേന്ദ്രമന്ത്രി നിർമലാ സീതാരാമൻ.

   Union Minister Nirmala Sitharaman said that through innovative ideas, scientific thinking and quick solutions, India can become a developed nation.

4. ലോകമെമ്പാടുമുള്ള ജനാധിപത്യ പ്രക്രിയകളെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ.

   External Affairs Minister S. Jaishankar said that India supports democratic processes around the world.

5. വയനാട് ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ദുരന്ത മേഖലകളിൽ ഇന്ന് പരിശോധന നടത്തി.

The wake of the Wayanad landslides, an expert team appointed by the state government inspected the disaster hit areas today.

6. ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ ഇന്ന് നടന്ന ആദ്യമത്സരത്തിൽ ഇന്ത്യൻ നേവിയ്ക്കെതിരെ , മുഹമ്മദൻസിന് വിജയം.

Muhammadans won against Indian Navy in the first match of Durant Cup Football today.

*********************************

## PREZ- ADDRESS INDEPENDENCE DAY

78-ാം സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ വൈകിട്ട് രാജ്യത്തെ അഭിസംബോധന ചെയ്യും. നാളെ രാത്രി 7 മണിക്കാണ് അഭിസംബോധന. ആകാശവാണിയുടെയും ദൂരദർശനന്റേയും എല്ലാം നിലയങ്ങളും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും പ്രക്ഷേപണം ചെയ്യും. തുടർന്ന് അഭിസംബോധനയുടെ പ്രാദേശിക പരിഭാഷയുണ്ടായിരിക്കും. ആകാശവാണിയുടെ പ്രാദേശിക നിലയങ്ങൾ രാത്രി 9.30 ന് പ്രക്ഷേപണം ചെയ്യും.

*********************************

## JAISHANKAR INDIA US

ലോകമെമ്പാടുമുള്ള ജനാധിപത്യ പ്രക്രിയകളെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്നും അമേരിക്കയിൽ ആര് വിജയിച്ചാലും പുതിയ പ്രസിഡൻ്റിനൊപ്പം പ്രവർത്തിക്കാൻ ഇന്ത്യയ്ക്ക് കഴിയുമെന്നും വിദേശകാര്യ മന്ത്രി എസ് ജയശങ്കർ . ഇന്ത്യ-യുഎസ് ബന്ധത്തിൻ്റെ മാറ്റങ്ങളെക്കുറിച്ചും യു.എസിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെക്കുറിച്ചും യു എസിൽ സംസാരിക്കുകയായിരുന്നു ശ്രീ ജയശങ്കർ. ഉഭയകക്ഷി ബന്ധത്തിൽ ഇന്ത്യൻ പ്രവാസിസമൂഹം നിർണായക ഘടകമാണെന്ന് പറഞ്ഞ മന്ത്രി യു.എസിലുള്ള ഇന്ത്യൻ പ്രവാസികളെപ്പോലെ മറ്റൊരു പ്രവാസി സമൂഹവും അവരുടെ ജന്മദേശവുമായി ആഴത്തിലുള്ള ബന്ധം നിലനിർത്തിയിട്ടില്ലെന്ന് പറഞ്ഞു. പശ്ചിമേഷ്യ, യുക്രെൻ, തെക്ക് -

കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ സംഭവങ്ങളും കോവിഡിൻ്റെ തുടർച്ചയായ ആഘാതവും എടുത്തുകാട്ടി, ലോകം അസാധാരണമാംവിധം ബുദ്ധിമുട്ടുള്ള കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് ഡോ എസ് ജയശങ്കർ പറഞ്ഞു.

******************************************

## AMIT SHAH – TIRANGA YATRA

തിരംഗ യാത്ര ദേശസ്നേഹത്തിന്റെ പ്രതീകമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. 2047 ഓടെ വികസിത ഇന്ത്യ എന്നതിലേയ്ക്കുള്ള രാജ്യത്തിന്റെ പ്രതിജ്ഞാബദ്ധത കൂടിയാണിത്. ഗുജറാത്തിലെ അഹമ്മദാബാദിൽ തിരംഗയാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹർഘർ തിരംഗയുടെ ഭാഗമായി ഓഫീസുകളിലും വീടുകളിലും ദേശീയപതാക ഉയർത്തണമെന്നും ശ്രീ.അമിത്ഷാ ജനങ്ങളോട് ആഹ്വാനം ചെയ്തു.

******************************************

## BHOPAL – SITHARAMAN

നൂതന ആശയങ്ങൾ, ശാസ്ത്രീയ ചിന്ത, വേഗത്തിലുള്ള പരിഹാരം തുടങ്ങിയവയിലൂടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ സാധിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ഭോപ്പാൽ ഐസറിൽ 11-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. ശാസ്ത്ര വിദ്യാഭ്യാസവും ഗവേഷണവും സമൂഹത്തിന്റെ അഭിവൃദ്ധിക്കായി ഉപയോഗപ്പെടുത്തണം. വികസിത രാജ്യമാക്കുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. പുനരുപയോഗ ഊർജ്ജമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്ന് പറഞ്ഞ ശ്രീമതി നിർമ്മല സീതാരാമൻ, ഊർജ്ജ സംരക്ഷണത്തിനുള്ള ബാറ്ററികൾ നിർമിക്കാനും വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു.

******************************************

## AMRIT UDYAN (INTRO)

രാഷ്ട്രപതി ഭവനിൽ വർഷം തോറും നടക്കുന്ന അമൃത് ഉദ്യാൻ 2024 ആഘോഷ പരിപാടികൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഉദ്ഘാടനം ചെയ്യും. വെള്ളിയാഴ്ച മുതൽ സെപ്റ്റംബർ 15 വരെ അമൃത് ഉദ്യാനം സന്ദർശിക്കാൻ പൊതുജനങ്ങൾക്ക് അവസരമുണ്ട്.

ഒരു റിപ്പോർട്ട് .... (വോയിസ്)

## AMRIT UDYAN (VOICE)

ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 29 ന് ഇതാദ്യമായി അമൃത് ഉദ്യാൻ വീക്ഷിക്കാൻ കായിക താരങ്ങളെയും ക്ഷണിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്കൂളുകൾ സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ അധ്യാപകർക്കും പൂക്കളുടെ വസന്തം നേരിൽ കണ്ട് ആസ്വദിക്കാൻ ക്ഷണമുണ്ട്. ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ് ഈ വർഷത്തെ ഉദ്യാന ഉത്സവം. യുവമനസുകളിൽ അമൃത് ഉദ്യാന്റെ ആവേശം നിറയ്ക്കുന്നതിന് സ്കൂൾ കുട്ടികൾക്കിടയിൽ ബട്ടൺ ബാഡ്ജുകൾ വിതരണം ചെയ്യും. Sound Pipe പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. അമൃത് ഉദ്യാൻ സന്ദർശിക്കുന്നവർക്ക് ഏറെ വൈവിദ്യങ്ങൾ നിറഞ്ഞതും പ്രകൃതി സൗഹൃദവുമായ Seed Papers മെമൻറോയും സമ്മാനിക്കും.

ന്യൂസ് ഡെസ്ക്, ആകാശവാണി..........

*****************************************

## HAJ APPLICATIONS

2025 ൽ ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഹജ്ജ് തീർത്ഥാടനത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കേന്ദ്ര മന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്തു. ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റിന് പുറമെ ഇത്തവണ ആദ്യമായി ഹജ്ജ് സുവിധ ആപ്പിലൂടെയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

******************************************

## WAYANAD- TEAM

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ദുരന്ത മേഖലകളിൽ ഇന്ന് പരിശോധന നടത്തി. ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമാണ് പരിശോധന നടത്തിയത്. പ്രദേശത്തെ മണ്ണിന്റെയും പാറകളുടെയും സാമ്പിളുകൾ ശേഖരിച്ചു. ദുരന്ത പ്രദേശത്തെയും അനുബന്ധ മേഖലകളിലേയും അപകട സാധ്യതകൾ വിലയിരുത്തി സംഘം സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കും. പ്രതികൂല കാലാവസ്ഥയായതിനാൽ ഇന്ന് ഉച്ചയോടെ പരിശോധന അവസാനിപ്പിക്കുകയായിരുന്നു. മറ്റന്നാൾ വരെ ഇവിടെ പരിശോധന തുടരും.

******************************************

## WAYANAD SEARCH

വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ഇന്ന് ചാലിയാർ പുഴയിൽ നടത്തിയ ജനകീയ തെരച്ചിലിൽ 5 ശരീരഭാഗങ്ങൾ കണ്ടെത്തി. പോത്തുകല്ല് കുമ്പളപാറ ഭാഗത്തുനിന്നും 3 ശരീര ഭാഗങ്ങളാണ് കണ്ടെത്തിയത്. തെരച്ചിൽ സംഘത്തിന് വൈകിട്ട് 2 ശരീര അവശിഷ്ട്ങ്ങൾ കൂടി ലഭിച്ചിട്ടുണ്ട്. ചാലിയാറിൽ അപ്രതീക്ഷിതമായി ഒഴുക്ക് കൂടിയത് തെരച്ചിലിന് ബുദ്ധിമുട്ട് സൃഷ്ടിച്ചു.

******************************************

## KARNATAKA - ARJUN

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി ഗംഗാവലി പുഴയിലെ

തെരച്ചിൽ പുനരാരംഭിച്ചു.തെരച്ചിലിൽ ലോറിയുടെ ഭാഗം കണ്ടെടുത്തതായാണ് റിപ്പോർട്ട്. തെരച്ചിൽ നാളെയും തുടരും. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപ്പേയുടെ നേതൃത്വത്തിലാണ് തെരച്ചിൽ നടന്നത്.

*****************************************

## HEMA COMMITTEE REPORT

മലയാള ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടരുതെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ പുറത്തുവിടുന്നതിനെ അനുകൂലിച്ച സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവിന് എതിരെ നിർമാതാവായ സജിമോൻ പാറയിൽ സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്. റിപ്പോർട്ട് ഒരാഴ്ചയ്ക്കുശേഷം മാത്രമേ പുറത്തു വിടാവൂ എന്ന് കോടതി നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചവർക്ക് അവ നൽകാനുള്ള സമയവും കോടതി ഒരാഴ്ച കൂടി നീട്ടി നൽകിയിട്ടുണ്ട്.

*****************************************

## DURAND CUP 2024

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ ഇന്ന് നടന്ന ആദ്യമത്സരത്തിൽ ഇന്ത്യൻ നേവിയ്ക്കെതിരെ , മുഹമ്മദൻസിന് വിജയം. കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ ഇന്ത്യൻ നേവിയെ എതിരില്ലാത്ത ഒരു ഗോളിനാണ് മുഹമ്മദൻസ് പരാജയപ്പെടുത്തിയത് , ഇപ്പോൾ നടക്കുന്ന മത്സരത്തിൽ രംഗദാജീദ് യുണൈറ്റഡ്, നേപ്പാൾ ആർമിയെ നേരിടുന്നു.

*****************************************

## IAF-TARANG SHAKTI (INTRO)

ഇന്ത്യൻ വ്യോമസേന ആതിഥ്യം വഹിക്കുന്ന ഏറ്റവും വലിയ വ്യോമാഭ്യാസ പ്രകടനമായ തരംഗ് ശക്തി തമിഴ്നാട്ടിലെ സുളുർ വ്യോമതാവളത്തിൽ നാളെ സമാപിക്കും.

ഒരു റിപ്പോർട്ട്....

(വോയിസ്)

## IAF-TARANG SHAKTI (VOICE)

റഫാൽ, എഫ്-18, യൂറോ ഫൈറ്റർ ടൈഫൂൺ തുടങ്ങിയ പോർ വിമാനങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന പ്രകടനമാണ് ഇന്ന് കാഴ്ചക്കാരെ കോരിത്തരിപ്പിച്ചത്. സുഖോയ് -30 എം.കെ.ഐ, മിറാഷ്-2000, മിഗ് 29, തേജസ് പോർ വിമാനങ്ങളുടെ അഭ്യാസ പ്രകടനവും കാണികളെ ആകർഷിച്ചു. രുദ്ര, പ്രചണ്ഡ് കോപ്റ്ററുകളും പങ്കെടുത്തു. രാജ്യത്തിന്റെ പ്രതിരോധ ശക്തി തെളിയിക്കുന്നതോടൊപ്പം അഭ്യാസപ്രകടനത്തിൽ പങ്കെടുക്കുന്ന രാജ്യങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയും വ്യോമാഭ്യാസത്തിന്റെ ലക്ഷ്യമാണ്. പരസ്പര വിശ്വാസം, സഹകരണം എന്നിവ അരക്കിട്ടുറപ്പിക്കുകയും ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ 11 രാജ്യങ്ങൾ പങ്കെടുത്തു. യോമാഭ്യാസത്തിൻറെ രണ്ടാംഘട്ടം ഈ മാസം 29 മുതൽ സെപ്റ്റംബർ 14 വരെ രാജസ്ഥാനിലെ ജോധ്പൂർ വ്യോമതാവളത്തിൽ നടക്കും.

***********************************

## INDEPENDENCE-DAY PANCHAYAT

78-ാം സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ

400 തിരഞ്ഞെടുത്ത പ്രതിനിധികൾക്ക് ക്ഷണം. വനിതകൾ ഉൾപ്പെടെയുള്ള പ്രതിനിധികളെയാണ് കേന്ദ്ര സർക്കാർ പ്രത്യേക അതിഥികളായി ക്ഷണിച്ചത്. അതേസമയം വനിതകളുടെ നേതൃത്വം പഞ്ചായത്തുകളിൽ എന്ന വിഷയത്തിൽ പഞ്ചായത്തിരാജ് മന്ത്രാലയം നാളെ ന്യൂഡൽഹിയിൽ ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നുണ്ട്. തദ്ദേശ സ്ഥാപന ഭരണനിർവഹണത്തിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക, പഞ്ചായത്തുകളിൽ വനിതാ നേതാക്കൾ നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും, വിജയഗാഥകൾ എന്നിവ ശിൽപശാലയിൽ ചർച്ചയാകും. ശിൽപശാലയിൽ പങ്കെടുക്കുന്നവരെ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രി രാജീവ് രഞ്ജൻ സിംഗും സഹമന്ത്രി എസ്.പി.സിംഗും അഭിവാദ്യം ചെയ്യും.

*************************************

## WAQF-COMMITTEE

വഖഫ് നിയമ ഭേദഗതി ബിൽ 2024 നെ കുറിച്ച് പഠിക്കാൻ രൂപീകരിച്ച സംയുക്ത സമിതിയുടെ ചെയർമാനായി ബി ജെ പി, എം പി ജഗദാംബിക പാലിനെ ലോക്സഭ സ്പീക്കർ ഓം ബിർള നിയമിച്ചു. 31 അംഗങ്ങളാണ് സമിതിയിൽ ഉള്ളത്. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൽ ലോക്സഭയിൽ പാസാക്കിയ ബിൽ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിട്ടത്. ശൈത്യകാല സമ്മേളനത്തിന്റെ ആദ്യ ആഴ്ചയുടെ അവസാന ദിവസം സമിതി റിപ്പോർട്ട് സമർപ്പിക്കും.

*************************************

## TRAI – SPAM CALL

അനാവശ്യ കാളുകൾ നിയന്ത്രിക്കുന്നതിനായി രജിസ്റ്റർ ചെയ്യാത്തതോ ടെലിമാർക്കറ്റിംഗ് നടത്തുന്നവരിൽ നിന്നോ ഉള്ള പ്രചാരണ കാളുകൾ എല്ലാ സേവന ദാതാക്കളും ഉടനടി നിർത്തണമെന്ന് ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ്

ഇന്ത്യ. സർക്കാർ ഉത്തരവ് പാലിക്കാതെ തങ്ങളുടെ പക്കലുള്ള വിവരങ്ങൾ ഉപയോഗിച്ച് വാണിജ്യ താത്പര്യത്തോടെ കാളുകൾ ചെയ്യുന്ന സ്ഥാപനങ്ങളെ രണ്ട് വർഷത്തേക്ക് കരിമ്പട്ടികയിൽ പെടുത്തുമെന്നും വാർത്താ വിനിമയ മന്ത്രാലയം അറിയിച്ചു.

*************************************

## G-4 UNSC-REFORMS

ആഗോള വെല്ലുവിളികൾ ഐക്യരാഷ്ട്ര സഭാ സുരക്ഷാ കൗൺസിലിന്റെ പുനസംഘടനയിലൂടെ മാത്രമെ നേരിടാൻ സാധിക്കുകയുള്ളൂവെന്ന് ജി - 4 രാജ്യങ്ങൾ. ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം ഉപപ്രതിനിധി ആർ രവീന്ദറാണ് ജി - 4 രാജ്യങ്ങളെ പ്രതിനിധീകരിച്ച് നടത്തിയ പ്രസ്താവനയിൽ ഇക്കാര്യം വ്യക്തമാക്കിയത്. അന്താരാഷ്ട്ര സമാധാനം - സുരക്ഷ എന്നിവയുടെ പരിപാലനം : ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിൽ ആഫ്രിക്കയുടെ ഫലപ്രദമായ പ്രാതിനിധ്യം വർദ്ധിപ്പിക്കുക' എന്ന വിഷയത്തിൽ നടന്ന ഉന്നതതല സംവാദത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**************************************************************************************************************************
*******************************************